# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നിട്ട ചോദ്യം നമ്പർ. 207      4.10.2011-ൽ മറുപടിക്ക്.

### പ്രത്യേക റയിൽവേ സോൺ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>ശ്രീ.കെ. അജിത്<br>ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് പ്രത്യേക റയിൽവേ സോൺ അനുവദിക്കുന്നതിന് സാദ്ധ്യതയുണ്ടോ; | (എ) | 19.9.2011 ൽ ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ മന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി നടന്ന ചർച്ചയിൽ ഒരു പ്രത്യേക റെയിൽവേ സോൺ എന്ന ആവശ്യം റെയിൽവേ പരിശോധിക്കുന്നതായി ബഹുമാനപ്പെട്ട കേന്ദ്ര റയിൽ മന്ത്രി പറയുകയും, തിരുവനന്തപുരത്ത് ആസ്ഥാനമായി ഒരു ചീഫ് അഡ്മിനിസ്ട്രേറ്റിവ് ആഫീസറുടെ മേൽ നോട്ടത്തിൽ ഒരു ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് തുടങ്ങുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. |
| (ബി) | ഇല്ലെങ്കിൽ സോൺ അനുവദിക്കുന്നതിന് പ്രായോഗിക തടസ്സമുള്ളതായി സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഉണ്ടെങ്കിൽ പ്രസ്തുത തടസ്സങ്ങൾ എന്തെല്ലാമാണെന്നാണ് അറിയിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | ബാധകമല്ല. |
| (ഡി) | സ്വകാര്യ പങ്കാളിത്തമില്ലാതെ റയിൽവേ വികസനം സാദ്ധ്യമല്ലെന്ന കേന്ദ്ര ഗവൺമെന്റിന്റെ അഭിപ്രായത്തോട് സംസ്ഥാന ഗവൺമെന്റ് യോജിക്കു | (ഡി) | ഉണ്ട്. വലിയ തുകകൾ മുതൽ മുടക്കേണ്ടി വരുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ തുകകൾ പദ്ധതി |

| | | | |
|---|---|---|---|
| | ന്നുണ്ടോ; ഉണ്ടെങ്കിൽ അതെന്തു കൊണ്ടാണെന്ന് വിശദമാക്കുമോ? | | നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങളിൽ ലഭ്യമാക്കേണ്ടതായി വരും. അതിനാൽ പൊതു ഖജനാവിൽ നിന്ന് മാത്രം അത്തരം പദ്ധതികൾക്കുള്ള ചെലവ് കണ്ടെത്തുവാൻ ചിലപ്പോൾ സാധിക്കാതെ വരുകയും പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം വരുകയും ചെയ്യും. 19.9.2011 ൽ ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ മന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി നടന്ന ചർച്ചയിൽ അവതരിപ്പിച്ച സംസ്ഥാനത്തിന്റെ റെയിൽവേ ആവശ്യങ്ങളെല്ലാം സഫലീകരിക്കാൻ ഭീമമായ തുകകൾ ആവശ്യമായി വരുമെന്നും ആയതിനാൽ ഈ തുകകൾ കണ്ടെത്തുന്നതിന് മറ്റു വഴികൾ കണ്ടേത്തേണ്ടി വരുമെന്നും. റെയിൽവേ സ്റ്റേഷനുകളുടെ മോർഡണൈസേഷൻ സ്വകാര്യ പങ്കാളിത്തം മുഖേന നടത്തുവാൻ റെയിൽവേ തയ്യാറാണെന്നും റെയിൽവേ ബോർഡ് ചെയർമാൻ പറഞ്ഞു. ആന്ധ്രപ്രദേശ് . കർണ്ണാടക മുതലായ സംസ്ഥാനങ്ങളിലെ റെയിൽവേ പദ്ധതികൾ നടപ്പിലാക്കു ന്നതിനുള്ള ചെലവിന്റെ പങ്ക് ടി സംസ്ഥാനങ്ങൾ വഹിക്കുന്നതിനാൽ ടി പദ്ധതികൾ നാലി അഞ്ചു കൊല്ലങ്ങൾ കൊണ്ട് പൂർത്തിയാ ക്കുവാൻ സാധിക്കു മെന്നും അതിനാൽ കേരളവും ചെലവിന്റെ പങ്ക് വഹിക്കുന്ന തിനായി സ്വമേധയാ മുന്നോട്ട് വരുകയാണെങ്കിൽ നന്നായിരിക്കു മെന്നും കേന്ദ്ര റയിൽവേ സഹമന്ത്രി ടി യോഗത്തിൽ അഭിപ്രായപ്പെടു കയുണ്ടായി ഈ സാഹചര്യത്തിൽ വലിയ റെയിൽവേ പദ്ധതികൾ ക്രമത്തിൽ |

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി തീർപ്പാക്കുന്നതിന് റെയിൽവേ ഫണ്ടിനോടൊപ്പം മറ്റ് സാമ്പത്തിക സ്രോതസ്സുകളെക്കുറിച്ചും ചിന്തിക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലുള്ളതായി കാണുന്നു. |

സെക്ഷൻ ഓഫീസർ